**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 570** **21-03-2023 - ൽ മറുപടിയ്ക്ക്**

**എം.എൻ. നവയുഗം ലക്ഷംവീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർധനരായ ഭവനരഹിതർക്ക് വീട് നൽകുന്നതിനായി എം.എൻ. നവയുഗം ലക്ഷംവീട് പദ്ധതി ഭവനനിർമ്മാണ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഭവന നിർമ്മാണ ബോർഡ് മുഖേന സർക്കാർ നിലവിൽ എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. ആകെ 9002 വീടുകളാണ് പുനരുദ്ധാരണത്തിനായി ശേഷിക്കുന്നത്. ഇതിൽ 5000 വീടുകൾ പുനരുദ്ധരിക്കുന്നതിന് സർക്കാർ എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ പദ്ധതി അനുസരിച്ച് 5000 വീടുകൾ 5 വർഷം കൊണ്ട് നിർമ്മിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനു പുറമേ എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയിൽപെടാത്ത ജീർണ്ണാവസ്ഥയിലുള്ള 4002ഭവനങ്ങൾ കൂടി പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വകാര്യ വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മൾട്ടിനാഷണൽ കമ്പനികൾ , പ്രവാസി സംരംഭങ്ങൾ മുഖേന എം.എൻ നവയുഗം ലക്ഷം വീട് പദ്ധതി എന്ന പേരിൽ ഒരു പുതിയ പദ്ധതി ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സന്നദ്ധ സംഘടനകളെയും സ്ഥാപനങ്ങളെയും സഹകരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഭവനനിർമ്മാണ ബോർഡിൽ എം.എൻ നവയുഗം ലക്ഷം വീട് പദ്ധതി സ്വകാര്യ വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജീവകാരുണ്യ സംഘടനകൾ, മൾട്ടിനാഷണൽ കമ്പനികൾ എന്നിവരുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഭൂമിയും വീടും ഇല്ലാത്ത ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള നിർധനർക്ക് കുറഞ്ഞ ചെലവിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് ഭവനനിർമ്മാണ ബോർഡിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഭൂമിയും വീടും ഇല്ലാത്ത ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള നിർധനർക്ക് കുറഞ്ഞ ചെലവിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് ഭവന നിർമ്മാണ ബോർഡിന് പദ്ധതികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ